**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4204** **09-08-2021 - ൽ മറുപടിയ്ക്ക്**

**മുട്ടുങ്ങൽ എൽ.പി സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേയുടെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് മുട്ടുങ്ങൽ എൽ. പി സ്കൂളിന്റെ സ്ഥലവും ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | മുട്ടുങ്ങൽ എൽ.പി സ്കൂളിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഈ സ്കൂൾ അൺഎക്കണോമിക്ക് സ്കൂളുകളുടെ വിഭാഗത്തിൽപ്പെട്ടതാണോ എന്ന് അറിയിക്കുമോ; ഇവിടെ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലായി നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം അറിയിക്കുമോ; | (ബി) | പ്രസ്തുത സ്കൂൾ അൺഎക്കണോമിക്ക് വിഭാഗത്തിൽപ്പെടുന്നു. ടി സ്കൂളിൽ 37 കുട്ടികൾ പഠിക്കുന്നു. 4 അദ്ധ്യാപകർ, ഒരു നഴ്സറി ടീച്ചർ, ഒരു പാചക തൊഴിലാളി എന്നിവർ നിലവിൽ ജോലി ചെയ്തു വരുന്നു. |
| (സി) | ഈ സ്ഥാപനം മറ്റൊരു സ്ഥലത്തേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | ടി സ്കൂൾ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ